**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 863** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശങ്ങൾ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുവാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** അമ്പലപ്പുഴ മണ്ഡലത്തിൽ എല്ലാ വർഷവും കടൽക്ഷോഭത്തിലൂടെ അല്ലെങ്കിൽ കടലാക്രമണത്തിലൂടെ തീരപ്രദേശ വാസികൾക്ക് ഭവനം പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെടുന്ന ആവർത്തിച്ചുള്ള സാഹചര്യം പരിഹരിക്കാൻ ജല വിഭവ വകുപ്പ് 2026 ജൂൺ മാസത്തിന് ശേഷം എന്തെങ്കിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2026 ജൂൺ മാസത്തിന് ശേഷം പുറക്കാട് ഗ്രാമ പഞ്ചായത്തിലെ വാർഡ്-1-ൽ ഉൾപ്പെടുന്ന പായൽകുളങ്ങര അഞ്ചാലുംകാവ് നാഗയക്ഷി ക്ഷേത്രത്തിന് സമീപത്തുള്ള പുലിമുട്ടിന്റെ ഇടയിലുള്ള 100 മീറ്റർ ഭാഗം തകർന്നിരിക്കുന്നതിനാൽ ടി ഭാഗത്ത് കരിങ്കല്ല് നിക്ഷേപിച്ച് തീരം സംരക്ഷിക്കുന്നതിന് 77.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും മുൻഗണനയും അനുസരിച്ച പ്രവർത്തി നടപ്പിലാക്കാവുന്നതാണ്. കൂടാതെ അടിയന്തര തീരസംരക്ഷണത്തിനായി പുന്നപ്ര സൗത്ത് ഗ്രാമ പഞ്ചായത്തിലും, പുറക്കാട് ഗ്രാമ പഞ്ചായത്തിലും പഞ്ചായത്ത് മുഖേന നടത്തിവരുന്ന തീരസംരക്ഷണ പ്രവർത്തികൾക്കായി ജീയോബാഗ് സപ്ലൈചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കൂടാതെ മിഷൻ ഡയറക്ടറേറ്റ് മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ കടലാക്രമണം ഏറ്റവും രൂക്ഷമായ പുന്നപ്ര ഗ്രാമപഞ്ചായത്തിലെ CP 672 മുതൽ CP 682 വരെയുള്ള തീരപ്രദേശവും പുറക്കാട് ഗ്രാമപഞ്ചായത്തിലെ CP 608 മുതൽ CP 625 വരെയുള്ള തീരപ്രദേശവും ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഡിസൈൻ നിലവിൽ CWPRS മുഖേന നടപ്പിലാക്കി വരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തികാനുമതിക്കായി സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**(ബി)** അമ്പലപ്പുഴ മണ്ഡലത്തിൽ എല്ലാ വർഷവും കടൽക്ഷോഭത്തിലൂടെ അല്ലെങ്കിൽ കടലാക്രമണത്തിലൂടെ തീരപ്രദേശ വാസികൾക്ക് ഭവനം പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെടുന്ന ആവർത്തിച്ചുള്ള സാഹചര്യം പരിഹരിക്കാൻ ജല വിഭവ വകുപ്പ് കാലങ്ങളായി തുടർന്നുവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തീരശോഷണം തടയുന്നതിന് ജലസേചന വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന മാത്തേരി മുതൽ പുറക്കാട് വരെയുള്ള 3കി.മീ. ഭാഗത്തെ പുലിമുട്ട് നിർമ്മാണം വേൾഡ് ബാങ്ക് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പുറക്കാട് ഗ്രാമ പഞ്ചായത്തിലെ വാർഡ്-1-ൽ ഉൾപ്പെടുന്ന പായൽകുളങ്ങര അഞ്ചാലുംകാവ് നാഗയക്ഷി ക്ഷേത്രത്തിന് സമീപത്തുള്ള പുലിമുട്ടിന്റെ ഇടയിലുള്ള 100 മീറ്റർ ഭാഗം തകർന്നിരിക്കുന്നതിനാൽ ടി ഭാഗത്ത് കരിങ്കല്ല് നിക്ഷേപിച്ച് തീരം

സംരക്ഷിക്കുന്നതിനായി 77.70 ലക്ഷം രൂപയുടെയും അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പുന്നപ്ര സൗത്ത് ഗ്രാമ പഞ്ചായത്തിൽ നർബോന ബീച്ചിൽ സംരക്ഷണ പ്രവർത്തിക്കായി 50 ലക്ഷം രൂപയുടെ Anti Sea erosion പ്രവൃത്തിക്ക് എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവർത്തിയുടെ മുൻഗണനയും അനുസരിച്ച് മേൽ പ്രവർത്തികൾ പൂർത്തീകരിക്കാവുന്നതാണ്. മാത്രമല്ല അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തിലെ വണ്ടാനം-വളഞ്ഞവഴി ഭാഗം മുതൽ പുന്നപ്ര ഫിഷിങ് ലാൻഡിംഗ് സെന്റർ വരെയുള്ള ഭാഗത്ത് Kerala Irrigation Infrastructure Corporation (KIIDC) ന്റെ മേൽനോട്ടത്തിൽ പുലിമുട്ട് നിർമ്മാണവും നടന്നുവരുന്നു.

കൂടാതെ കിഫ്ബി ധനസഹായത്തോടെ പൂർത്തീകരിച്ചതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. ആലപ്പുഴ ഒന്നാം ഘട്ട തീരദേശ സംരക്ഷണ പദ്ധതി - അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ 3.60 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിന് വേണ്ടി ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള 30 പുലിമുട്ടുകളുടെ നിർമ്മാണം 15.05.2025 പൂർത്തീകരിച്ചു.
2. ആലപ്പുഴ രണ്ടാം ഘട്ട തീരദേശ സംരക്ഷണ പദ്ധതിയിലൂടെ അമ്പലപ്പുഴയിലെ കാക്കാഴം മുതൽ വളഞ്ഞവഴി വരെ 1800 മീറ്റർ നീളത്തിൽ 19 പുലിമുട്ടുകൾ ഉപയോഗിച്ചുള്ള പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

**(സി)** കടൽ ഭിത്തി നിർമ്മാണത്തിൻെറ പേരിൽ 2021 ജൂൺ മുതൽ 2026 മാർച്ച് വരെ അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര തുക ജലവിഭവ വകുപ്പിലൂടെ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 2021 ജൂൺ മാസം മുതൽ 2026 മാർച്ച് വരെ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുറക്കാട് ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന CESCP stone 618 മുതൽ 623 വരെയുള്ള പ്രദേശത്ത് 120 മീറ്റർ നീളം കടൽഭിത്തി നിർമ്മിച്ചതിൽ ആകെ 21.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ KIIDC മുഖേന ചുവടെപറയുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. ആലപ്പുഴ ഒന്നാം ഘട്ട തീരദേശ സംരക്ഷണ പദ്ധതി - അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക് അമ്പലപ്പുഴ വടക്ക് അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ 3.60 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി ₹66,30,67,214.00 രൂപ ചെലവഴിച്ചാണ് പൂർത്തീകരിച്ചത്.
2. ആലപ്പുഴ രണ്ടാം ഘട്ട തീരദേശ സംരക്ഷണ പദ്ധതിയിലൂടെ അമ്പലപ്പുഴയിലെ കാക്കാഴം മുതൽ വളഞ്ഞവഴി വരെ പുരോഗമിച്ചു വരുന്ന പദ്ധതിയ്ക്ക് 2021 ജൂൺ മുതൽ 2026 മാർച്ച് വരെ ₹7,74,78,966.14 രൂപ ചെലവഴിച്ചിട്ടുണ്ട്.

**(ഡി)** തോട്ടപ്പള്ളി സ്പിൽവേയുടെ പൊഴിമുഖത്തെ ആഴം കൂട്ടിയതിന്റെ പേരിൽ 2021 ജൂൺ മുതൽ 2026 മാർച്ച് വരെ എത്ര തുക ജലവിഭവ വകുപ്പിലൂടെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തോട്ടപ്പള്ളി പൊഴി മുഖത്തെ മണ്ണ് നീക്കം ചെയ്ത് പ്രളയ ജലത്തെ കടത്തി വിടുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് ഇറിഗേഷൻ വകുപ്പ് ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു.

| കാലാവധി | ആകെ ചെലവാക്കിയ GST ഉൾപ്പെടുത്തിയ തുക |
|---|---|
| 2021-22 | Rs.22,38,500.00 |

| | |
|---|---|
| 2022-23 | പ്രവൃത്തി KMML മുഖാന്തരമാണ് നടപ്പിലാക്കിയത് |
| 2023-24 | പ്രവൃത്തി KMML മുഖാന്തരമാണ് നടപ്പിലാക്കിയത് |
| 2024-25 | Rs.22,62,226.00 |
| 2025-26 | Rs.13,21,920.00 |
| 2026-27 | 2026-27 കാലയളവിൽ ബഹു.ആലപ്പുഴ ജില്ല ADM ന്റെ നിർദ്ദേശ പ്രകാരം അടിയന്തര പ്രാധ്യാനത്തോടെ പൊഴിയുടെ വീതി കൂട്ടുന്നതിനും സ്പിൽവേ ചാനലിൽ അടിഞ്ഞു കൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 7,12,924.00/- രൂപ ചെലവഴിച്ച് പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**